Mr. Speaker: The hon'ble Member will try to modulate his voice so as to serve his purpose by making himself heard in every part of the House without at the same time causing annoyance to the other members by unduly raising the pitch of his voice.

ശ്രീ. എം. ഐ. പാപ്പ: അതിന്റെ പണി വീണ്ടും തുടങ്ങാൻ ആലോചനയുണ്ടോ?

Mr. Speaker: The member will please try to take advantage of the suggestion from the Chair regarding the desirabilty of modulating his voice.

പാണ്ടിക്കടി–ചെല്ലാനം റോഡ്

*൩൦൪. (൩൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പാണ്ടിക്കടി-ചെല്ലാനം റോഡ് ഏതു കൊല്ലത്തിലാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പണിയുടെ പൂർത്തികരണത്തിനു് എന്തു സംഖ്യയാണ് എസ്റ്റിമേറു ചെയ്തിട്ടുള്ളത്;

(സി) ഇതുവരെ എത്ര സംഖ്യ ചിലവാക്കി;

(ഡി) എന്നത്തേക്ക് ഈ പണി പൂർത്തിയാകുമെന്നാണ് ഉദ്ദേശിക്കുന്നത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഫസ്റ്റ്-ൽ ലാൻറ് അക്വിസിഷൻ നടപടികൾ ആരംഭിച്ചു.

(ബി) ഈ പണി പൂർത്തിയാക്കാൻ ഏകദേശം ഒൻപതരലക്ഷം രൂപ വേണ്ടിവരുമെന്നു് എസ്റ്റിമേറു ചെയ്തിരിക്കുന്നു.

(സി) ഫ, ൧ ൫,൨ വരെ രൂ. ൦൫ ണ. ൭ പൈസ.

(ഡി) ഖണ്ഡിതമായി പറയുവാൻ നിവർത്തിയില്ല. ഇപ്പോൾതന്നെ പണി ആരംഭിച്ചിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇപ്പോൾ ഈ പണിക്കായി എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ഇതുവരെ ചെലവാക്കിയ സംഖ്യയാണ് ഞാനിപ്പോൾ പറഞ്ഞത്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇക്കൊല്ലത്തെ ബഡ്ജറിൽ ഈ പണിക്കു വേണ്ടി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. സി. കേശവൻ: അതിലേക്കായി തുക നീക്കിവച്ചിട്ടില്ല. ഡൈവർട്ട് ചെയ്താണ് ഈ പണിക്കുവേണ്ടി തുക ചെലവാക്കുന്നത്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അങ്ങിനെ എന്തു തുകയാണ് ഇതിലേക്ക് ഡൈവർട്ടുചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. സി. കേശവൻ: അതിപ്പോൾ പറയാൻ സാധ്യമല്ല. ഡൈവർട്ട് ചെയ്താണ് ഇതുവരെ തുക ചെലവാക്കിയിട്ടുള്ളത്.

ശ്രീ. സി. വി. ഐപ്പ്: ഈ റോഡിന്റെ വശങ്ങളിൽ ഇപ്പോൾ നിൽക്കുന്നതും ഇനി ഉണ്ടാകുന്നതുമായ സകല തെങ്ങുവൃക്ഷങ്ങളും ചേർത്തു ആ ഭാഗത്തെ കോൺഗ്രസ്സുകാർമാത്രംചേർന്നു ഉണ്ടാക്കിയിട്ടുള്ള ഒരു സഹകരണസംഘത്തിനു് വിട്ടുകൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതു നോട്ടീസുകൂടാതെ പറയുവാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : ഒൻപതര ലക്ഷം രൂപ എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നതു് എത്ര മൈൽ റോഡിനാണു്?

ശ്രീ. സി. കേശവൻ : അതിനും ഉത്തരം പറയാൻ നോട്ടീസുവേണം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : കഴിഞ്ഞകൊല്ലം എത്ര മൈൽ റോഡു വെട്ടിയിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. സി. കേശവൻ : കൂടുതൽ കണക്കുകളൊന്നും ഇപ്പോൾ എന്റെ കൈവശമില്ല. എന്റെ കയ്യിൽ ഞാനിപ്പോൾപറഞ്ഞ കണക്കുകൾ മാത്രമേ ഉള്ളൂ.

മെമ്മോറാണ്ടം

*ന ൦ ൪. (ന൪)† സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിഗവണ്മെണ്ടു് എഞ്ചിനിയറിംഗ് സബോർഡിനേറ്റ് അസോസിയേഷനിൽനിന്നു് ഫൻ ൪ ൦ ഡിസമ്പറിൽ ഗവണ്മെണ്ടിലേക്കു് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു എന്നു ദയവായി പറയാമോ;

(സി) മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രധാന കാര്യങ്ങൾ എന്തൊക്കെയെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) ഉണ്ടു്.

(ബി) അതു ഗവണ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നു.

(സി) കൊച്ചിയിലെ ചില സൂപ്രവൈസറന്മാർക്കു് തക്കതായ യോഗ്യതയില്ലെന്ന വാദത്തെ ആസ്പദമാക്കി അവരെ റിവർട്ട് ചെയ്യരുതെന്നും മറ്റുമാണു്.

ஸ்ரீ. எ. சிதம்பரநாத நாடார் : இந்தக் கேள்வியைக் கேட்ட எம். எல். ஏ. அவர்கள் முன்பு பி. டப்ளியூ. டியில் சம்மந்தமுள்ளவரும், பலவிதமான கன்ஸ்ட்ரக்டுகள் இருந்ததில்லை தான் இந்தகேள்வி கேட்டிருக்கிறார்களா என்று தெரிய விரும்புகிறேன்.

Mr. Speaker: That question is disallowed.

Written Answers

പാലംപണി

*ന ൦ ന. (ന൪) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരിയാർപുഴയിൽ പാലം പണിയുന്ന കാര്യം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നും പണി എപ്പോൾ ആരംഭിക്കുമെന്നും ദയവായി പറയാമോ;

†This question was put by Sri. A. M. Thomas, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly